പ്രവർത്തനം മെച്ചപ്പെട്ടത്താനായി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിച്ചുവരുന്ന ആയുർധാര ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനത്തിനായി 2012-2013 വർഷത്തിൽ 1 കോടി രൂപയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും ഫെഡറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 20 ലക്ഷം രൂപയും പഞ്ചകർമ്മ സെന്ററുകളുടെ പ്രവർത്തനത്തിനായി 20 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

വനിതാ ഫെഡ്

സാമ്പത്തിക പ്രതിസന്ധി കാരണം പ്രോജക്ടുകൾ നടപ്പാക്കാനാവുന്നില്ല.

(ഡി) പ്രവർത്തനരഹിതമായവ – 8%
നഷ്ടത്തിൽ പ്രവർത്തിക്കുന്നവ – 53%
ലിക്വിഡേഷനിലായവ – 2%

സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

85(2123) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാം;

(ബി) നടപ്പിലാക്കിയ പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് സംസ്ഥാനത്തിനുണ്ടായതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ഡി) സഹകരണ മേഖലയിലെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളും അതുകൊണ്ട് സംസ്ഥാനത്തിനുണ്ടായ പ്രയോജനങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാന സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(i) നിക്ഷേപ സമാഹരണയജ്ഞം :-

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011, 2012, 2013, 2014 എന്നീ വർഷങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. 36-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2016 ജനുവരി 1 മുതൽ ഫെബ്രുവരി 15 വരെ നടത്തിവരുന്നു. 6000 കോടി രൂപയാണ് ടാർജറ്റ്. മറ്റ് വർഷങ്ങളിലെ ടാർജറ്റും നേട്ടവും ചുവടെ ചേർക്കുന്നു:

വർഷം	ടാർജറ്റ്	കൈവരിച്ച തുക (കോടി രൂപയിൽ)
2011	3000	4425.09
2012	4500	5194.36
2013	5000	6674.00
2014	6000	6232.22
ആകെ	18,500	22,525.67

(ii) കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴിയുള്ള നിക്ഷേപ സമാഹരണം:-

പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നിക്ഷേപ സമാഹരണം നടത്തുന്ന പദ്ധതി ആരംഭിച്ചു. ഇത് സഹകരണ നിക്ഷേപ മേഖലയിലെ ഒരു സുപ്രധാന ചുവടുവയ്പായിരുന്നു.

(iii) സഹകരണ നിക്ഷേപ സുരക്ഷാനിധി/നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ രൂപീകരണം :-

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള കേരള സഹകരണ നിക്ഷേപ സുരക്ഷാ നിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകിവരുന്നു. നിലവിൽ ഈ സ്കീമിൽ 1872 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 73.23 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) സഹകരണ ബാങ്കുകളുടെ ആധുനികവല്ക്കരണം:-

സഹകരണ ബാങ്കുകളുടെ കമ്പ്യൂട്ടറൈസേഷൻ എ.റ്റി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സഹകരണ സംഘങ്ങളുടെയും, ബാങ്കുകളുടെയും വായ്പാ കുടിശ്ശിക അടയ്ക്കുന്നതിനും കുടിശ്ശികക്കാരായ വായ്പക്കാരന് ആശ്വാസം നൽകുന്നതിനുമായി നടപ്പിലാക്കുന്ന 'ആശ്വാസ്' പദ്ധതിയിലൂടെ 2011, 2012, 2014, 2015 വർഷങ്ങളിലായി 935.14 കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെയും വായ്പാ ബാദ്ധ്യത നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്ന പദ്ധതിയായ റിസ്ക് ഫണ്ട് - പദ്ധതി പ്രകാരം ഒന്നര ലക്ഷംരൂപവരെയുള്ള വായ്പാ ബാദ്ധ്യത ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ വിവിധ കടാശ്വാസ പദ്ധതികൾ പ്രകാരം കടാശ്വാസ ആനുകൂല്യം നൽകിവരുന്നുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

കടാശ്വാസ പദ്ധതി

1. കർഷക കടാശ്വാസ പദ്ധതി :-

കേരള കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്തിരുന്ന വായ്പകൾക്കായി ഈ സർക്കാരിന്റെ കാലത്ത് 89.39 കോടി രൂപയുടെ കടാശ്വാസ ആനുകൂല്യം സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന കർഷകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി :-

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശിപാർശ ചെയ്തിരുന്ന വായ്പകൾക്കായി 123.08 കോടി രൂപ ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ബന്ധപ്പെട്ട വായ്പക്കാർക്ക് കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ ടി പദ്ധതിയിൻ കീഴിൽ 4.86 കോടി രൂപ കൂടി ഫിഷറീസ് ഡയറക്ടർ മുഖാന്തരം സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ടി തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

3. പട്ടികജാതി കടാശ്വാസ പദ്ധതി :-

ഒന്നരലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും 50,000 രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും സർക്കാർ ഉത്തരവാകുകയും ആയതിലേയ്ക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഒന്നര ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന് അനുസൃതമായി പദ്ധതി സഹകരണ സംഘങ്ങളിൽ നടപ്പാക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly